വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.യിൽ ഇലക്ട്രിക്കൽ ട്രെയിനിംഗിലുമാണ് അദ്ധ്യയനം നൽകുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശീലനം നേടിയ ട്രേഡ് മുഖേന ഉപജീവനം നടത്തുന്നവരുടെ സ്ഥിതി വിവരക്കണക്ക് ലഭ്യമല്ല.

(ഡി) ഐ.ടി.സി.കളിലെ പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയ പരിശീലകരെ സ്വയംതൊഴിൽ കണ്ടെത്തുവാൻ സഹായിക്കുന്ന വിധത്തിൽ ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ്, അഡീഷണൽ അപ്രന്റീസ് എന്നിങ്ങനെ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ട്രെയിനിംഗ്-കം-എംപ്ലോയ്മെന്റ് സ്കീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 500 രൂപയും അഡീഷണൽ അപ്രന്റീസ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാനം 700 രൂപയും സ്റ്റൈപന്റ് നൽകുന്നു. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം പൂർത്തിയാക്കിയവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ കേരളാ ആട്ടോമൊബൈൽസ് പോലുള്ള സ്ഥാപനങ്ങൾ മുഖേന ട്രെയിനിംഗ് നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

24 (933) ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന ശുദ്ധജല വിതരണ പദ്ധതി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇതേവരെ ഗ്രാമീണ ജനതയുടെ 53% പേർക്കും നഗരസഭയുടെ 77.7% പേർക്കും മാത്രമേ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ളു. 199 പ്രധാന ശുദ്ധജലവിതരണ പദ്ധതികളുടെ പണികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

"2000-ാം ആണ്ടോടെ എല്ലാപേർക്കും കുടിവെള്ളം" എന്ന ബൃഹത്തായ ഒരു പദ്ധതി സർക്കാർ അംഗീകരിച്ചു നടപ്പിലാക്കിവരുന്നു. ജല അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. അതനുസരിച്ച് പണികൾ തുടങ്ങിവച്ച പദ്ധതികളിൽ നിന്നും 128 പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്തതു 1998-99 മുതൽ മൂന്ന് വർഷങ്ങളിലായി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുടെ പണികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും വാട്ടർ അതോറിറ്റി ഇന്ന് വളരെയേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങളും അവ നേരിടുന്നതിനും സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങളും താഴെ വിവരിക്കുന്നു.

1) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ വരുന്ന താമസം.
2) പൈപ്പുകൾ യഥാസമയം ലഭ്യമാക്കാൻ സാധിക്കാതെ വരിക
3) ടെണ്ടറുകൾ ഉറപ്പിക്കാൻ നേരിടുന്ന കാലതാമസം.
4) സ്റ്റാഫിന്റെ അപര്യാപ്തത.
5) ഫണ്ടു ലഭ്യമാക്കുന്നതിനുള്ള വിഷമങ്ങൾ.

നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടിക്രമങ്ങൾ എടുത്തുവരുന്നു.

1) സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം സ്ഥലമെടുത്തു നൽകാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് സഹായകമായി ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നതിനു വേണ്ടി നടപടികൾ എടുത്തുവരുന്നു. ഇതു ഏർപ്പെടുത്തിക്കഴിഞ്ഞാൽ ആവശ്യമുള്ള പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങാനുള്ള പണം വാട്ടർ അതോറിറ്റി വായ്പയായി നൽകുന്നു.

സ്ഥലമെടുപ്പു ത്വരിതപ്പെടുത്തുന്നതിനായി ലാന്റ് അക്വിസിഷൻ ആക്ട് ഹൈവേ ഡിപ്പാർട്ടുമെന്റിൽ സ്ഥലമെടുക്കുന്ന മാതൃകയിൽ മാറ്റം വരുത്തുവാനുള്ള നടപടിയും എടുത്തുവരുന്നു.

2) പൈപ്പുകൾ വാങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് റേറ്റ് കോൺട്രാക്ട് സിസ്റ്റം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള സമ്പ്രദായപ്രകാരം ആവശ്യം വരുന്നതനുസരിച്ച് പൈപ്പു വാങ്ങാൻ സാധിക്കാത്തതുകൊണ്ടാണിത്. കൂടാതെ പർച്ചേസ് കോൺട്രാക്ടിനുള്ള വാട്ടർ അതോറിറ്റിയുടെ അധികാര പരിധി ഒരു കോടി രൂപയിൽ നിന്നും 5 കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടിയും പരിഗണിച്ചുവരുന്നു. ഇതുമൂലം ടെണ്ടറുകൾ ഉറപ്പിക്കാനുള്ള കാലതാമസം ഗണ്യമായി കുറയുന്നതാണ്. ഒരു വർഷത്തെ ആവശ്യത്തിന്റെ 15% പൈപ്പുകൾ ബഫർ സ്റ്റോക്കായി സൂക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്.

3) ഏതെങ്കിലും ഒരു കോൺട്രാക്ടറുടെ വരുത്തുന്ന വീഴ്ച പദ്ധതിയെ മൊത്തമായി ബാധിക്കുന്നതിനാൽ എല്ലാ ഘടകങ്ങളും ഒരുമിച്ച് പരിചയസമ്പന്നരായ കോൺട്രാക്ടർമാരെ ഏല്പിച്ചു ഗുണനിലവാരം ഉറപ്പു വരുത്തുന്ന ഇ.പി.സി.എം. കോൺട്രാക്ട് സമ്പ്രദായം 3, കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പദ്ധതികൾക്ക് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

4) സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന്, പ്രത്യേകിച്ച് അസി.എൻജിനീയർമാരുടെ 150-ഓളം ഒഴിവുകൾ വേഗം നികത്തുന്നതിന് പി.എസ്.സി.യിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5) രണ്ടായിരം ആണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് വളരെയേറെ മൂലധനം സ്വരൂപിക്കേണ്ടതുണ്ട്. ബോണ്ടുകളിലൂടെയും, ബാങ്ക് വായ്പയിലൂടെയും ഇതിലേയ്ക്കാവശ്യമായ തുകയുടെ ഒരു ഭാഗം സമാഹരിക്കുന്നതിനും, സാധിക്കുമോ എന്നു ആരാഞ്ഞു വരികയാണ്.

വികേന്ദ്രീകരണത്തിന്റെ ഭാഗമായി 1050 ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ല പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്തു നിലവിലുള്ള പദ്ധതികളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി പഠിച്ചു റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ജോലി പൂർത്തിയാക്കി. മലപ്പുറത്തു കൈമാറാനുള്ള മൊത്തം പദ്ധതികളിൽ ആദ്യഘട്ടമായി 6 എണ്ണത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എത്രയുംവേഗം കൈമാറുന്നതിനു സാധിക്കുമെന്നു കരുതുന്നു.

ജനപങ്കാളിത്തത്തോടെ കേന്ദ്രഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ജില്ലയായി മലപ്പുറം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ ജില്ലയിൽ ഇനി നടപ്പിലാക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ജനപങ്കാളിത്തത്തോട് കൂടിയുള്ളവയായിരിക്കണം. പദ്ധതികളുടെ മൂലധന ചെലവിന്റെ 10% എങ്കിലും ഉപഭോക്താക്കൾ വഹിക്കണം എന്നാണ് വ്യവസ്ഥ. ബാക്കി തുക കേന്ദ്ര സർക്കാരിന്റെ ധനസഹായമായി ലഭിക്കും. പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഓപ്പറേഷനും മെയിന്റനൻസിനും വേണ്ടി വരുന്ന മുഴുവൻ തുകയും ഗുണഭോക്താക്കൾ വഹിക്കണം. ഇക്കാര്യങ്ങൾക്കു വിധേയമായി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലും ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഉപഭോക്താക്കൾക്ക് സ്വാധീനം ചെലുത്താൻ സാധിക്കും. പൂർത്തിയാക്കിയ പദ്ധതികൾ നടത്തിക്കൊണ്ട് പോകുന്നതിനു തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് അടിസ്ഥാനതല പരിശീലനവും വാട്ടർ അതോറിറ്റി നൽകിവരുന്നു. ജനപങ്കാളിത്തത്തോടെ ഗ്രാമീണ ശുദ്ധജലവിതരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു ദ്വിദിന വർക്ക് ഷോപ്പ് മലപ്പുറം ജില്ലയിൽ വെച്ചു നവംബർ മാസത്തിൽ നടത്തുകയുണ്ടായി. പൈലറ്റ് പ്രോജക്ടിനുള്ള റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനായി ഉടനെ അയയ്ക്കുവാൻ സാധിക്കും.

ശുദ്ധജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഒ.ഇ.സി.എഫ്. സഹായത്തോടെ നടപ്പാക്കുവാനുദ്ദേശിച്ച 5 പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(ഡി-ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly